വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി സൊസൈറ്റികളുടെ ഷോറൂം നവീകരിക്കുന്നതിനും പുതിയവ നിർമ്മിക്കുന്നതിനുമുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി. കൈത്തറി വസ്ത്രങ്ങളുടെ പ്രചരണത്തിന്റെ ഭാഗമായി വിവിധ മാധ്യമങ്ങളിലൂടെ അവബോധം സൃഷ്ടിച്ചു. ആധുനിക രീതിയിലുള്ള ഡിസൈൻ ഉല്പന്നങ്ങൾ നെയ്യുന്നതിന് വിദഗ്ധ പരിശീലനം നെയ്ത്തുകാർക്ക് നൽകി. കൈത്തറി ഉല്പന്നങ്ങൾ ബ്രാൻഡ് ചെയ്യുന്നതിനായി കേരളാ കൈത്തറി എന്ന പേരിൽ ബ്രാൻഡ് വികസിപ്പിക്കുവാൻ തീരുമാനിച്ചു. ഇതിനായി ലോഗോ വികസിപ്പിച്ചിട്ടുണ്ട്. കൈത്തറി മേഖലയിൽ നൂതന ഡിസൈന്റെ അപര്യാപ്തത പരിഹരിക്കുന്നതിനായി ഡിസൈൻ ബാങ്ക് രൂപീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും സംരംഭകരെ സഹായിക്കുന്നതിനുമായി ബാലരാമപുരത്ത് ഇൻകുബേഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടിയെടുത്തു. കോട്ടൺ നാനോ ലൂമുകൾ വികസിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചു. കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ റിവൈവൽ, റീഫോം & റീസ്ട്രക്ചറിംഗ് പാക്കേജ് നടപ്പിലാക്കി.

ഒപ്റ്റിക്കൽ ഫൈബർ കേബിൾ

24(*204) ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ജെയിംസ് മാത്യു :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന് ഐ.ടി. വകുപ്പ് നൽകിയ മാർഗ്ഗനിർദ്ദേശങ്ങൾ സാമ്പത്തിക നഷ്ടം വരുത്തുന്നതായി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം അവഗണിച്ച് സംസ്ഥാന ഐ.ടി. വകുപ്പ് മാർഗ്ഗനിർദ്ദേശം നല്കിയത് മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരുന്നുവോ;

(സി) എങ്കിൽ സംസ്ഥാനത്തിന് വൻ നഷ്ടം വരുത്തുന്ന നിലയിൽ തീരുമാനം എടുത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഇത്തരമൊരു തീരുമാനം കൈക്കൊള്ളുന്നതിന് മുമ്പായി വിദഗ്ധ പരിശോധന നടത്തിയിട്ടുണ്ടായിരുന്നുവോ; വിശദാംശം വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ-ഡി) സംസ്ഥാനത്ത് ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന് 15-9-2015-ലെ G.O.(Ms)39/15/ITD നമ്പർ ഉത്തരവ് പ്രകാരം ഐ.ടി. വകുപ്പ് പുറത്തിറക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തുന്നതല്ല. എന്നാൽ ടി ഉത്തരവ് പ്രകാരം സർക്കാരിന് അധിക വരുമാനം ഉണ്ടാകുന്ന തരത്തിലാണ് മാനദണ്ഡം നിശ്ചയിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ റോഡ് ട്രാൻസ്പോർട്ട് & ഹൈവേ മന്ത്രാലയത്തിന്റെ 2013 ഓഗസ്റ്റ് 6, 7 തീയതികളിലെ RW/NH 33044/27/2005/S&R(R)(Pt) നമ്പർ പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് ഭൂമിക്കടിയിലൂടെ കേബിൾ ഇടുന്നതിന് യാതൊരു വിധത്തിലുള്ള charges, levy, lease rents, license fee, free bandwidth, revenue share, cashless equity എന്നിവ ഈടാക്കാൻ പാടില്ലായെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ കിലോമീറ്ററൊന്നിന് 75,000 രൂപ ഒറ്റത്തവണ ചാർജ്ജ് നൽകണമെന്നും കൂടാതെ സൗജന്യ ബാൻഡ് വിഡ്ത്തും നൽകണമെന്നുമുള്ള വ്യവസ്ഥകൾ കേരള സർക്കാർ അധികമായി ഉൾപ്പെടുത്തുക ആണുണ്ടായത്. മന്ത്രിസഭാ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് RoW അനുമതി നൽകുന്നതിന് കിലോമീറ്ററൊന്നിന് 75,000 രൂപ ഈടാക്കാനുള്ള തീരുമാനം കൈക്കൊണ്ടത്.

വനിതാ സംരംഭകരുടെ സംഗമം

25(*205) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഐ.ഡി.സി. വനിതാ സംരംഭകരുടെ സംഗമം സംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം കാര്യങ്ങളാണ് സംഗമത്തിൽ ചർച്ച ചെയ്യപ്പെട്ടത്;

(സി) എന്തെല്ലാം തുടർ നടപടികളാണ് ഇതിന്മേൽ സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശം വെളിപ്പെടുത്താമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) ഉണ്ട്.